# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ എസ്. ഹരികിഷോർ, ഐ.എ.എസ്)**

വിഷയം: ആശ്രയ - അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി -രണ്ടാം ഘട്ട പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പ്രോജക്ടുകൾ അംഗീകരിച്ച് ഫണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:
1. 16.06.2012-ലെ ജി.ഒ.(എം.എസ്) നം. 170/2012/തസ്വഭവ ഉത്തരവ്
2. 19.01.2013-ലെ ജി.ഒ.(എം.എസ്)നം. 27/2013/തസ്വഭവ ഉത്തരവ്
3. 31.10.2013 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അജ നം.3 തീരുമാനം
4. 28..01..2017-ലെ സ.ഉ.(സാ.ധാ) നം.243/17/തസ്വഭവ ഉത്തരവ്

## ഉത്തരവ് നമ്പർ KS/L/6574/2013 തീയതി 22/02/2017

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഗതികൾക്കുവേിയുള്ള ആശ്രയ പദ്ധതി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും ആശ്രയ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആശ്രയ ഒന്നാംഘട്ട പദ്ധതി ഏറ്റെടുത്ത എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തുകയുടെ വിനിയോഗം പരിഗണിക്കാതെ തന്നെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാംഘട്ട ആശ്രയ പദ്ധതി തയ്യാറാക്കുന്നതിന് പരാമർശം (2) പ്രകാരവും ആകെ അടങ്കൽ തുകയുടെ 40%-ന് വിധേയമായി പരമാവധി 25 ലക്ഷം രൂപ ഒന്നാം ഘട്ടം ഉൾപ്പെടെ ചലഞ്ച് ഫിനത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരവും അനുമതി നൽകി സർക്കാർ ഉത്തരവുണ്ട്. പരാമർശം (3) പ്രകാരം ആശ്രയ ചലഞ്ച് ഫണ്ട് 3 ഗഡുക്കളായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഗഡു ലഭിച്ച് 80% ത്തിലധികം വിനിയോഗം കുടുംബശ്രീ എം.ഐ.എസ് മുഖേന ബോധ്യപ്പെടുന്ന മുറയ്ക്കു മാത്രമേ തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുകയുള്ളൂ.

പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത് രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പറഞ്ഞിട്ടുള്ള സേവനങ്ങൾ മാർഗ്ഗ നിർദ്ദേശ പ്രകാരം ലഭ്യമാക്കുന്നതിനും ഇതിനായി ചെലവ് വരുന്ന അടങ്കൽ തുക

1,68,02,760/- രൂപയ്ക്കും, 17,00,000/- രൂപ ചലഞ്ച് ഫണ്ടിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി ചലഞ്ച് ഫണ്ട് തുകയിൽ 10,00,000 രൂപ പുതുതായി അനുവദിക്കുന്നതിനും 7,00,000 രൂപ ഒന്നാംഘട്ടത്തിന് അനുവദിച്ച തുകയിൽ ബാക്കിയുള്ളതിൽ നിന്നും വിനിയോഗിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയ പദ്ധതി നടപ്പാക്കേണ്ടത് :

1. ആശ്രയ - അഗതി പുനരധിവാസ പദ്ധതി ***മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തപ്പെട്ട അഗതി കുടുംബങ്ങൾക്ക്*** വേണ്ടി പ്രത്യേകം തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരം മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ. സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പാക്കണം.
2. പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പ്രവർത്തികൾക്ക് കുടുംബശ്രീ/ പ്ലാൻ ഫണ്ട് വിനിയോഗിക്കുമ്പോൾ പന്ത്രണ്ടാം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുന്ന യൂണിറ്റ് കോസ്റ്റ് കർശനമായി പാലിക്കേണ്ടതാണ്. (സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി 16..11..2013)
3. പ്രോജക്ടിൽ വിഭാവനം ചെയ്യുന്ന പ്രകാരം പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന സംഭാവനകൾ സമാഹരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കണം. സംഭാവനകൾ സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പ്രത്യേകം കണക്ക് സൂക്ഷിക്കേണ്ടതുമാണ്.
4. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിലയിരുത്തൽ സമിതിയും പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പായി കണ്ടെത്തപ്പെട്ട അഗതി കുടുംബങ്ങളുടെ ലിസ്റ്റ് ഒരിക്കൽ കൂടി അവലോകനം ചെയ്യേണ്ടതും കുടുംബശ്രീ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് അഗതി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ അനർഹരായ കുടുംബങ്ങൾ പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ നീക്കം ചെയ്യേണ്ടതാണ്. ഇതുസംബന്ധിച്ച് തദ്ദേശ ഭരണസമിതി സ്വീകരിക്കുന്ന നടപടികൾ മിനിട്ട്സ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
5. അഗതി കുടുംബങ്ങളുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്തിയത് ഒരിക്കൽ കൂടി അവലോകനം ചെയ്യുകയും, ഏതെങ്കിലും അതിജീവനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എന്നിവ വിട്ടുപോയിട്ടുണ്ടെങ്കിൽ അവ കൂട്ടിചേർക്കേണ്ടതുമാണ്. ഇപ്രകാരം പ്രോജക്ട് റിപ്പോർട്ട് പുതുക്കേണ്ടിവരികയാണെങ്കിൽ ആയതിന്റെ ഒരു പകർപ്പ് കുടുംബശ്രീ സംസ്ഥാന മിഷൻ ആഫീസിൽ എത്തിക്കേണ്ടതാണ്.
6. പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവർത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കേണ്ടതും, അതിൻ പ്രകാരം അഗതി പുനരധിവാസ പദ്ധതിയുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതുമാണ്.

7. പദ്ധതി പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ കുടുംബശ്രീ സംസ്ഥാന /ജില്ലാ മിഷനുകളിൽ എത്തിക്കേണ്ടതുമാണ്.
8. ഓരോ അഗതി കുടുംബത്തിനും വേണ്ടി നടപ്പാക്കുന്ന പരിചരണ സേവനങ്ങളുടെ പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് വാർഡിലെ അയൽക്കൂട്ടം / ഏരിയാ ഡെലവപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തെ ചുമതലപ്പെടുത്തണം. ബന്ധപ്പെട്ട അയൽക്കൂട്ടങ്ങൾ ഒരു ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എ.ഡി.എസ്സുകൾ പ്രതിമാസ പുരോഗതി റിപ്പോർട്ട് സി.ഡി.എസ്സിനു നൽകണം.
9. തദ്ദേശ ഭരണ തലത്തിൽ പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടം വില യിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. കൂടാതെ ആശ്രയ പ്രോജ ക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരു ത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ഉപസമിതിയിൽ താഴെപറയുന്നവർ ഉണ്ടാകേണ്ടതാണ്.

   1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ (അദ്ധ്യ ക്ഷൻ)
   2. ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - മെമ്പർ
   3. സി.ഡി.എസ് ചെയർപേഴ്സൺ - മെമ്പർ
   4. സി.ഡി.എസ്. മെമ്പർ സെക്രട്ടറി- മെമ്പർ
   5. മെഡിക്കൽ ഓഫീസർ - മെമ്പർ
   6. അംഗൻവാടി സൂപ്പർവൈസർ - മെമ്പർ
   7. സി.ഡി.എസ്സിലെ സാമൂഹ്യ വികസനത്തിന്റെ ചുമതലയുള്ള അംഗം - മെമ്പർ
   8. രണ്ട് സാമൂഹ്യ പ്രവർത്തകർ - മെമ്പർമാർ
   9. തദ്ദേശ ഭരണ സെക്രട്ടറി- കൺവീനർ

10. രണ്ടു മാസത്തിലൊരിക്കൽ പ്രസ്തുത തദ്ദേശ ഭരണ സമിതിയുടെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ആയത് ഡി.എം.സിമാർ പി.ആർ.എം കളിൽ ഉറപ്പ് വരുത്തേണ്ടേണ്ടതാണ്.
11. *കുടുംബശ്രീ തയ്യാറാക്കിയിട്ടുള്ള ഡിജറ്റലൈസ്ഡ് എംഐഎസ്സിൽ പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും കൃത്യസമയത്ത് കൂട്ടിച്ചേർക്കേണ്ടതുമാണ്. കൂടാതെ ധനവിനിയോഗം 80%ത്തിന് മുകളിലായി എം.ഐ.എസ് എൻട്രി ബോധ്യപ്പെട്ടാൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ.*

മേൽ സൂചിപ്പിച്ച പ്രകാരം തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന് ചലഞ്ച് ഫണ്ട് ഇനത്തിൽ പുതുതായി അനുവദിച്ച 10,00,000/- രൂപയിൽ (പത്ത് ലക്ഷം രൂപ മാത്രം) 3,33,333/- രൂപ(മൂന്ന് ലക്ഷത്തി മുപ്പത്തി

മൂവായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ഒന്നാമത്തെ ഗഡുവായി ഡിമാന്റ് ഡ്രാഫ്റ്റ്/ ചെക്ക് ആയി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകുന്നതിന് അക്കൗണ്ട്സ് സെക്ഷന് അനുമതി നൽകി ഉത്തരവാകുന്നു.

ഇതിനാവശ്യമായ തുക കുടുംബശ്രീ സംസ്ഥാന മിഷനിൽ അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സെക്രട്ടറി (പ്രസിഡന്റ് /ചെയർപേഴ്സൺ മുഖേന)
.................................. നഗരസഭ/പഞ്ചായത്ത്
മെമ്പർ സെക്രട്ടറി
.................................. നഗരസഭ/പഞ്ചായത്ത്
സി.ഡി.എസ്സ് ചെയർപേഴ്സൺ
.................................. നഗരസഭ/പഞ്ചായത്ത്
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
................................................... ജില്ല
കുടുംബശ്രീ അക്കൗണ്ട്സ് സെക്ഷൻ - തുക നൽകുന്നതിനായി
കരുതൽ / അധികം.

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ.
ഡയറക്ടർ (എ&എഫ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ(എസ്.ഡി)**